LIBRARY ARCHIVES Kerala Legislative Assembly

കേരള കൈത്തൊഴിലാളി, വിദഗ്ദ്ധതൊഴിലാളി ക്ഷേമനിധി ജില്ലാ ആഫീസ് നിലനിർത്തുന്നതിന് നടപടി

47 [1350] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് പ്രവർത്തിക്കുന്ന കേരള കൈത്തൊഴിലാളി, വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി ജില്ലാ ആഫീസ് ഇവിടെനിന്നു മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നോ;

(ബി) ആഫീസ് മാറ്റുന്നതിനെതിരെ പ്രതിഷേധം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജില്ലയുടെ എല്ലാ ഭാഗത്തുനിന്നുമുള്ള തൊഴിലാളികൾക്ക് എത്തിച്ചേരുന്നതിന് സഹായകമായി ആഫീസ് ഹരിപ്പാട്ട്തന്നെ നിലനിർത്തുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ) ഹരിപ്പാട് പ്രവർത്തിക്കുന്ന കേരള കൈത്തൊഴിലാളി, വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി ജില്ലാ ആഫീസ് ഹരിപ്പാട്ട്നിന്നും ആലപ്പുഴയിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു.

(ബി) ഉണ്ട്.

(സി) കേരള കൈത്തൊഴിലാളി, വിദഗ്ദ്ധത്തൊഴിലാളി ക്ഷേമ പദ്ധതിക്ക് ആലപ്പുഴ ജില്ലയ്ക്കാണ് ആഫീസ് അനുവദിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലാ ആഫീസ് ഇപ്പോൾ ഹരിപ്പാടാണ് സ്ഥിതിചെയ്യുന്നത്. ഈ ഓഫീസ് ജില്ലയുടെ തെക്കുഭാഗമായ ഹരിപ്പാട്ടു പ്രവർത്തിക്കുന്നതുമൂലം ജില്ലയുടെ മറ്റുഭാഗങ്ങളിലുള്ള തൊഴിലാളികൾക്ക് പ്രസ്തുത ആഫീസിൽ എത്തിച്ചേരുന്നതിന് വളരെയധികം ബുദ്ധിമുട്ട് അനുഭവപെടുന്നതായി ധാരാളം പരാതികൾ ലഭിച്ചിരുന്നു. കൂടാതെ ഈ പദ്ധതിയുടെ ചുമതലക്കാരനായ ആലപ്പുഴ ലേബർ വെൽഫയർ ഫണ്ട് ഇൻസ്പെക്ടറുടെ ആഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിലേക്ക് പദ്ധതിയുടെ ആഫീസ് കൂടി പ്രവർത്തിപ്പിക്കുക വഴി വാടകയിനത്തിൽ പ്രതിമാസം 1000 രൂപയും, വെള്ളക്കരം, വൈദ്യുതി ചാർജ് എന്നിവ ലാഭിക്കുന്നതിന് പുറമെ രണ്ടാഫീസുകളുടേയും ചുമതല ഒറ്റ ഓഫീസറുടെ നിയന്ത്രണത്തിൻകീഴിൽ കൊണ്ടുവരാനും കഴിയും. ഈ സാഹചര്യത്തിലാണ് ഹരിപ്പാട്ട് പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലാ ആഫീസ് ആലപ്പുഴയിലേക്ക് മാറ്റുന്നതിന് 21-11-2003-ൽ ചേർന്ന പദ്ധതിയുടെ ഭരണ സമിതി തീരുമാനമെടുത്തത്. ആലപ്പുഴ ലേബർ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ ഓഫീസ് കൂടുതൽ സൗകര്യപ്രദമായ കെട്ടിടത്തിലേക്ക് മാറ്റുകയും ടി കെട്ടിടത്തിലേക്ക് പദ്ധതിയുടെ ഈ ഓഫീസ്കൂടി മാറ്റുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും മേൽ ഭരണ സമിതി തീരുമാന പ്രകാരം നടത്തുകയും ചെയ്തു. എന്നാൽ ഓഫീസ് മാറ്റുന്നത് പരിസരത്തുള്ളവർ തടഞ്ഞതിനാൽ ഇതുവരെ ടി ആഫീസ് മാറ്റാൻ കഴിഞ്ഞിട്ടില്ല.